
# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്




**എറണാകുളം**

**കൂവപ്പടി ബ്ലോക്ക്**
**ഒക്കൽ പഞ്ചായത്ത്**
**വാർഡ്- 7 കൂടാലപ്പാട്**
**റിപ്പോർട്ട് തയ്യാറാക്കിയത് - വി ആർ പി ജൂബി**
**സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019**

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകളിലും ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## <u>അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ</u>

- പ്രവർത്തി സ്ഥലത്ത് തണൽ, കുടിവെള്ളം, പ്രഥമശുശ്രൂഷ കിറ്റ് എന്നിവ ലഭിക്കുന്നുണ്ട്.
- അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാറുണ്ട്
- ബൂട്ട്, കൈയുറ എന്നിവയുടെ ആവശ്യമുള്ളപ്പോൾ അവ ലഭിച്ചിട്ടുണ്ട്.
- തൊഴിൽ കാർഡിന് അപേക്ഷിച്ചത് ശേഷം 15 ദിവസത്തിനുള്ളിൽ കാർഡ് കിട്ടിയിട്ടുണ്ട്.
- തൊഴിൽ ആവശ്യപ്പെട്ടതിന് ശേഷം 15 ദിവസങ്ങൾക്കുള്ളിൽ തൊഴിൽ ലഭിച്ചിട്ടില്ല
- തൊഴിൽ ചെയ്ത 15 ദിവസത്തിനകം കൂലി ലഭിച്ചിട്ടില്ല.
- 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം ഉണ്ടെന്ന് തൊഴിലാളികൾക്ക് അറിയാമായിരുന്നു പക്ഷേ ആരും ഇതുവരെ അപേക്ഷിച്ചിട്ടു ഇല്ല.
- 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കാൻ അവകാശമുണ്ടെന്ന് തൊഴിലാളികൾക്ക് അറിയില്ലായിരുന്നു.
- പ്രവർത്തി സ്ഥലത്തുവച്ച് അപകടം സംഭവിച്ചതിന് ചികിത്സാചെലവ് ലഭിച്ചിട്ടുണ്ട്

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

1. ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്തു തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക്ഓഫീസർ (BDO), പഞ്ചായത്ത്തു സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർപ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.
2. കഴിഞ്ഞ 6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
3. പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു

4. ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു, തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
5. വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.
6. ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് |
|---|---|---|
| 1 | IF/314117 | ക്ഷീര വകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽകൃഷി നിലമൊരുക്കൽ |
| 2 | FP/306849 | പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കം ബാധിച്ച ദുരിതബാധിത പ്രദേശങ്ങളിൽ കാനകളുടെയും തോടുകളുടെയും പുനരുദ്ധാരണം |
| 3 | LD/236502 | കൃഷി വകുപ്പുമായി സംയോജിച്ച് jlg പാട്ടത്തിനെടുത്ത സ്ഥലം കൃഷിക്ക് അനുയോജ്യം ആക്കൽ റീച് 3 |
| 4 | IC/317825 | പെരിയാർവാലി കനാൽ പുനരുദ്ധാരണം (ചേരാനല്ലൂർ ബ്രാഞ്ച് ) |
| 5 | IF/390842 | കിണർ നിർമാണം |

| | | |
|---|---|---|
| 6 | LD/236501 | കൃഷി വകുപ്പുമായി സംയോജിച്ച് jlg പാട്ടത്തിനെടുത്ത സ്ഥലം കൃഷിക്ക് അനുയോജ്യം ആക്കൽ റീച് 2 |
| 7 | IC/215249 | കൂടാലപ്പാട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ നവീകരണം |

## ഫയൽ പരിശോധന

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ വർക്കിനും പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതാണ്. അതിൽ ഓരോ ഫയലിനും 22 ഡോകുമെന്റ്സ് ഉണ്ടായിരിക്കണം. ഈ 22 ഡോകുമെന്റ്സ് പരിശോധിച്ച വിവരങ്ങൾ.

### 1.കവർ പേജ്

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക് ഫയലിൽ ഉണ്ടാകേണ്ടതാണ് കവർ പേജ്. പരിശോധിച്ച 7 ഫയലുകളിലും AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു.

- 7 ഫയലുകളിലും സോഷ്യൽ ഓഡിറ്റ് കണ്ട ക്ക് ചെയ്ത് ഡീറ്റെയിൽസ് ലഭ്യമായിരുന്നില്ല

### 2.ചെക്ക് ലിസ്റ്റ്

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട രേഖയാണ് ചെക്ക് ലിസ്റ്റ്.

- പരിശോധിച്ച് 7 ഫയലുകളിലും ചെക്ക് ലിസ്റ്റ് ഡോക്യുമെന്റസ് ഉണ്ടായിരുന്നു. പക്ഷേ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല.

3.ആക്ഷൻപ്ലാൻ കോപ്പി

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി..ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവര്ത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും.

- എന്നാൽ പരിശോധിച്ച് 7 ഫയലിലും ആക്ഷൻപ്ലാൻ കോപ്പി ഇല്ലായിരുന്നു.

4.എസ്റ്റിമേറ്റ്

ഒരു പ്രവർത്തി എങ്ങനെ, എത്ര അളവിന് ചെയ്യണം എന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്. പരിശോധനക്ക് വിദേയമാക്കിയ എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

- സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അതായത് ജനകീയ എസ്റ്റിമേറ്റ് ഈ പദ്ധതിയുടെ ഫയലിൽ സൂക്ഷിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഇത് ഒറ്റ ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.
- എല്ലാ ഫയലുകളിലും സെക്യൂർ നിന്നെടുത്ത എസ്റ്റിമേറ്റിന്റെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്.
- എസ്റ്റിമേറ്റ്നൊപ്പം എസ്റ്റിമേറ്റ് കവർ പേജ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡ്രോയിങ് ആൻഡ് ഡിസൈൻ എന്നിവ ഉൾപെടുത്തേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിൽ ഒന്നിലും ഇത് ഉണ്ടായിരുന്നില്ല. സി ഐ ബി ചിലവ് പ്രത്യേകം കാണിച്ചിരുന്നു.

5.സാങ്കേതിക അനുമതി

ഒരു പ്രവർത്തിക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി

- പരിശോധിച്ച 7 ഫയലുകളിലും സാങ്കേതിക അനുമതി ഉണ്ടായിരുന്നു
- ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.

- സെക്യൂർ നിന്നെടുത്ത കോപ്പി ആയിരുന്നാലും അതിൽ സാങ്കേതിക ഉദ്യോഗസ്ഥർ ഒപ്പ് , സീൽ എന്നിവ തിയതി വച്ച് രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ, തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

<u>6.ഭരണാനുമതി</u>

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി.

- ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത ഭരണാനുമതിയുടെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.
- പരിശോധിച്ച ഫയലുകളിൽ ഒരെണ്ണത്തിൽ ഒഴികെ (കിണർ നിർമാണം ) മറ്റെല്ലാ ഫയലിലും ഭരണാനുമതി ഉണ്ടായിരുന്നു. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ എല്ലാ ഫയലിലും കാണാൻ സാധിച്ചില്ല.

7.<u>സംയോജിത പദ്ധതി</u>

പരിശോധിച്ച ഫയലുകളിൽ ക്ഷീര വകുപ്പുമായി സംയോജിച്ചുള്ള തീറ്റപ്പുൽ കൃഷിയും, കൃഷി വകുപ്പുമായി സംയോജിച്ചു jlg പാട്ടത്തിനു എടുത്ത കൃഷി ഭൂമി കൃഷിക്കു അനുയോജ്യമാക്കൽ എന്ന സംയോജിത പദ്ധതിയുടെ ഫയലുകൾ ഉണ്ടായിരുന്നെങ്കിലും അതിന്റെ രേഖകൾ ഒന്നും ഫയലിൽ കാണാൻ സാധിച്ചില്ല.

8.<u>തൊഴിലിനുള്ള അപേക്ഷ</u>

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്നറിയാനുള്ള രേഖ കൂടിയാണിത്

പരിശോധിച്ച 7 ഫയലുകളിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നു. കിണർ നിർമാണത്തിന് എഴുതി തയ്യാറാക്കിയ വ്യക്തിഗത ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.

9.<u>പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം</u>

പ്രവർത്തി നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം.

പ്രവർത്തിയുടെ പേരും സ്ഥലവും തൊഴിലാളികളുടെ ഡീറ്റെയിൽസും കാണിച്ചിരുന്നു. പരിശോധിച്ച് 7 ഫയലിൽ ഒന്നിൽ മാത്രം(കിണർ നിർമാണം ) തൊഴിൽ അനുവദിച്ചത് സംബന്ധിച്ച് ഫോം ഉണ്ടായിരുന്നില്ല.

<u>10.ഇ മസ്റ്റർ റോൾ</u>

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇ മസ്റ്റർ റോള്.

- പരിശോധിച്ച 7 ഫയലുകളിലും മസ്റ്റർറോൾ ഉണ്ടായിരുന്നു . ഇതിൽ തൊഴിലാളികൾ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- മസ്റ്ററോള് 14765 ൽ ദേവസി എം സി എന്ന ആളുടെയും 14766 ൽ പാറു സുഗതൻ എന്ന ആളുടെയും അബ്സെന്റ് രേഖപ്പെടുത്തിയ ശേഷം ഹാജർ ഇട്ടതായി കാണാൻ സാധിച്ചു.
- ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ പരിശോധിച്ച ഫയലുകളുടെ ഇമസ്റ്റർറോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല .

<u>11.മെഷർമെന്റ് ബുക്ക്</u>

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച 7 ഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു

- മെഷർമെന്റ് ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്യേണ്ടതാണ് പരിശോധിച്ച എല്ലാ ഫയലുകളിലും സെർറിഫൈ ചെയ്തിട്ടുണ്ട്.

<u>12.മെറ്റീരിയൽ ബിൽ വൗച്ചർ</u>

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ അവയിൽ ഉപയോഗിച്ച സാധന സാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

- പരിശോധിച്ച 7 ഫയലുകളും മെറ്റീരിയൽ വർക്ക് ആയിരുന്നില്ല.

13.വേജ് ലിസ്റ്റ്

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട വേതനം, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒരു രേഖയാണ് വേജ് ലിസ്റ്റ്.

- പരിശോധിച്ച ഫയലുകളിൽ 7 ഫയലുകളിലും വെജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല.

14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ് .

- പരിശോധിച്ച എല്ലാ 7 ഫയലിലും FTO ഉണ്ടായിരുന്നു.

15.പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുവാന് ഉപകരിക്കുന്ന ഒരു രേഖയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അഥവാ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

- പരിശോധിച്ച 7 ഫയലിലും വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിരുന്നു എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സീൽ, സൈൻ ഡേറ്റ് എന്നിവ എല്ലാത്തിലും കാണാൻ സാധിച്ചില്ല.

16.മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും , മാസ്റ്റർറോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിലാണ് നടന്നത് എന്ന് മനസിലാക്കാനുള്ള രേഖയാണ് മാസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്.

- മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പിൽ കൃത്യമായി ഒപ്പിനൊപ്പം തിയതി രേഖപ്പെടുത്തേണ്ടതുണ്ട്. പരിശോധിച്ച 7 ഫയലിലും ഒപ്പിനൊപ്പം തിയതി രേഖപ്പെടുത്തിയിരുന്നു.

17.ഫോട്ടോഗ്രാഫ്

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു .

- പരിശോധിച്ച് 7 ഫയലുകളിലും ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നില്ല.

18.റോയൽറ്റി

പരിശോധിച്ച 7 ഫയലുകളിൽ 3 ഫയൽ ഒഴികെ (പെരിയാർ വാലി കനാൽ നവീകരണം, ലിഫ്റ്റ് ഇറിഗേഷൻ കനാൽ നവീകരണം, കാന കളും തോടുകളുടെയും പുനരുദ്ധാരണം, )എല്ലാത്തിനും റോയൽറ്റി ഡോക്യൂമെന്റസ് സൂക്ഷിച്ചിരുന്നു.

19.ജിയോ ടാഗ്ഗ് ഫോട്ടോസ്

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഗ് ഫോട്ടോസ്. എന്നാൽ ഇവ പരിശോധിച്ച ഏഴ് ഫയലിലും കാണാൻ സാധിച്ചില്ല.

20.സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി. പരിശോധിച്ച എല്ലാ ഫയലുകളിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു. ചില സൈറ്റ് ഡയറിയിൽ ചികിത്സാചെലവ് പ്രോജക്റ്റ് മീറ്റിംഗ് മിനിട്ട്സ് എന്നിവ ഉണ്ടായിരുന്നില്ല. തൊഴിലാളികളുടെ സാഷ്യപത്രം, തൊഴിലുപകരണങ്ങളുടെ വാടക,പദ്ധതിചെലവ്, VMC റിപ്പോർട്ട് , സന്ദർശന കുറിപ്പ് എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് .

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

പരിശോധിച്ച ഫയലുകളിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി കാണാൻ സാധിച്ചില്ല.

22. മെറ്റീരിയൽ - കൊട്ടേഷൻ ഡീറ്റെയിൽസ്

പരിശോധിച്ച് ഫയലുകളിൽ ഇത് ബാധകമല്ല.

## <u>രജിസ്റ്ററുകളുടെ പരിശോധന</u>

കംപ്ലയിന്റ് രജിസ്റ്റർ

- സെപ്റ്റംബർ 2012-ജൂൺ 2019 വരെയുള്ള പരാതികൾ ആണ് രേഖപെടുത്തിയിരുന്നത്.
- സെപ്റ്റംബർ 2012 മുതൽ 2017 വരെയുള്ള കംപ്ലയിന്റ് 3/2/17 ൽ ജോയിന്റ് BDO സൈൻ വെച്ച് വേരിഫൈ ചെയ്തിട്ടുണ്ട്. 2019 കംപ്ലയിന്റ് വേരിഫൈ ചെയ്തിട്ടില്ല.
- സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല.

ഗ്രാമസഭ മിനുട്ട് രജിസ്റ്റർ

- സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- 2013 - 2018 വർഷത്തെ ഗ്രാമസഭ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.

ഡിമാൻഡ് അലോകേഷൻ രജിസ്റ്റർ

- രജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടില്ല
- ഒക്കൽ പഞ്ചായത്തിൽ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ കാർഡ് നമ്പറും വ്യക്തികളുടെ ഡീറ്റെയിൽസ് കൊടുത്തിട്ടുണ്ട്.
- ആകെ 85 വ്യക്തികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- തൊഴിൽ കാർഡ് നമ്പർ, തൊഴിൽ അവശ്യപെട്ട തിയതി, പ്രദേശം, വ്യക്തി, ദിവസം രേഖപെടുത്തിയിട്ടുണ്ട്. കൂടാതെ തൊഴിൽ നൽകിയതിനെ കുറിച്ചും, പ്രവൃത്തി, ദിവസം ബന്ധപെട്ട വിവരങ്ങളും ചേർത്തിട്ടുണ്ട്.
- അതിൽ നിന്നും ഡിമാൻഡ് കൊടുത്തു 15 ദിവസത്തിനുള്ളിൽ തൊഴിൽ കിട്ടിയെന്ന് മനസിലാക്കാൻ സാധിക്കും.

തൊഴിൽ കാർഡ്

- 198 വർക്കേഴ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- രജിസ്റ്റർ ചെയ്തവരുടെ ഫോട്ടോ സഹിതം എല്ലാ ഡീറ്റെയിൽസ് രേഖപെടുത്തിയിട്ടുണ്ട് (പേര്, വയസ്, ജണ്ടർ, അഡ്രെസ്സ്, ബാങ്ക് ഡീറ്റെയിൽസ്, രെജിസ്ട്രേഷൻ ഡേറ്റ്, രെജിസ്ട്രേഷൻ നമ്പർ, )

വർക്ക് രജിസ്റ്റർ

- 2018-2019 വർഷത്തെ ആയിരുന്നു.

- രജിസ്റ്റർ സർട്ടിഫൈ ചെയ്തിരുന്നില്ല.

ആസ്തി രജിസ്റ്റർ

- വർക്ക് കോഡ്, വർക് തീർന്ന തിയതി, അസറ്റ് പേര്, തുടങ്ങിയ എല്ലാ ഡീറ്റൈൽസും വ്യക്തമായി
- നൽകിയിരുന്നു. ഓഡിറ്റ് കാലയളവിലുള്ള അസറ്റ് ഡീറ്റൈൽസും കാണാൻ സാധിച്ചു.

മെറ്റീരിയൽ രജിസ്റ്റർ

- 2018-2019 ലെ മെറ്റീരിയൽ രെജിസ്റ്റർ ആണ് കണ്ടത്.
- MIS നിന്നുള്ള കോപ്പിയാണ്. എല്ലാ ഡീറ്റൈൽസും വ്യക്തമായി നൽകിയിട്ടുണ്ട്.

## 1.പ്രകൃതി ക്ഷോഭവും വെള്ളപ്പൊക്കവും ബാധിച്ച ദുരിത ബാധിത പ്രദേശങ്ങളിൽ കാനകളുടെയും തൊടുകളുടെയും പുനരുദ്ധാരണം

| പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റഡ് തുക | ചിലവായ തുക |
|---|---|---|---|---|
| FP/306849 | 03/01/19 | 16/02/19 | 183000 | 179933 |

- ജിയോ ട്രാക്കർ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് അളവെടുത്ത്
- ഫീഡർ ചാനലിന്റെ ആകെ ഏരിയ 3800 m2 ആണ്.
- പരിശോധന സമയത്ത് തോടിൽ നിറയെ വെള്ളം ആയതിനാലും തോടിന്റെ അരികിലൂടെ നടക്കാൻ പറ്റാത്ത അവസ്ഥയിൽ ആയതിനാലും അളന്നു തിട്ടപ്പെടുത്താൽ സാധിക്കുമായിരുന്നില്ല.
- CIB കാണാൻ സാധിച്ചില്ല.

| ക്രമ നമ്പർ | പ്രവർത്തി ചെയ്ത സ്ഥലം | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് (നീളം) | മെഷർമെൻറ് ബുക്ക് പ്രകാരം ഉള്ള അളവ് (നീളം ) | പരിശോധനയിൽ കണ്ട അളവ് (നീളം ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | റോഡ് സൈഡിൽ നിന്നും | 2350m | 2350 m | 1270 m | കാടും അഴുക് വെള്ളവും നിറഞ്ഞ പ്രദേശവും ആയതിനാൽ പരിശോധന സമയത്ത് അളന്നു തിട്ടപ്പെടുത്താൻ സാധിക്കുന്നതായിരുന്നില്ല. തോട് നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി. |
| 2 | ഫീഡർ ചാനൽ 1<br>ഫീഡർ ചാനൽ 2<br>ഫീഡർ ചാനൽ 3 | 1250m<br>1100m<br>1450m | 1250 m<br>1100 m<br>1450 m | 958 m | കാടും അഴുക് വെള്ളവും നിറഞ്ഞ പ്രദേശവും ആയതിനാൽ പരിശോധന സമയത്ത് അളന്നു തിട്ടപ്പെടുത്താൻ സാധിക്കുന്നതായിരുന്നില്ല. തോട് നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി. |

## 2. പെരിയാർ വാലി കനാൽ (ചേരാനെല്ലൂർ ബ്രാഞ്ച് )പുനരുദ്ധാരണം

| പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റഡ് തുക | ചിലവായ തുക |
|---|---|---|---|---|
| IC/317824 | 16/10/18 | 19/10/18 | 31500 | 30861 |

- ജിയോ ട്രാക്കർ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് അളവെടുത്ത്
- പ്രവർത്തി പരിശോധന സമയത്ത് പരിസരം കാടുകയറി കിടക്കുകയായിരുന്നു.. തൊഴിലാളികൾ നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി.
- കനാലിനെ പ്രവർത്തി ചെയ്യുമ്പോൾ ബൂട്ട് കൈയുറ ലഭ്യമായിരുന്നില്ല
- കനാൽ വൃത്തിഹീനമായി കാണപ്പെട്ടു.
- CIB ബോർഡ് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പ്രവർത്തി ചെയ്ത സ്ഥലം | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് (നീളം) | മെഷർമെന്റ് ബുക്ക് പ്രകാരം ഉള്ള അളവ് (നീളം ) | പരിശോധനയിൽ കണ്ട അളവ് (നീളം ) | റിമാർക്ക് |
|---|---|---|---|---|---|
| 1 | പെരിയാർ വാലി കനാൽ | 275 m | 275 m | 392 m | പരിശോധന സമയത്ത് കാടു കയറി കിടക്കുന്നുണ്ട്. തൊഴിലാളികൾ നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി. |

## 3- കൃഷി വകുപ്പുമായി സംയോജിച് jlg പാട്ടത്തിനു എടുത്ത സ്ഥലം കൃഷിക് അനുയോജ്യമാക്കൽ റീച്ച്3

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്റിമേയ്റ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| LD/236502 | കൃഷി വകുപ്പുമായി സംയോജിച് jlg പാട്ടത്തിനു എടുത്ത സ്ഥലം കൃഷിക് അനുയോജ്യമാക്കൽ | 29/12/18 | 18/01/19 | 199200 | 197668 |

- പാടത്തുള്ള കൃഷി ആയതിനാൽ വഴി എല്ലാം കാടുകയറിയും ചെളി നിറഞ്ഞും കിടക്കുന്നതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കുന്നതായിരുന്നില്ല.
- മാസങ്ങൾക്കു മുമ്പുള്ള പ്രവർത്തനം ആയതിനാൽ കൃഷിയുടെ വിളവെടുപ്പ് കഴിഞ്ഞിരുന്നു.
- കൂടുതൽ പ്രവർത്തിയിടങ്ങളിലും കൃഷി ചെയ്തിരുന്നത് വിളവെടുത്ത ശേഷം പുതിയ കൃഷി ചെയ്തിരിക്കുന്നതായി കാണാൻ സാധിച്ചു.
- CIB ബോർഡ് കാണാൻ സാധിച്ചില്ല. മെഷർമെന്റ് ബുക്കിൽ ആകെ ചിലവായ തുകയിൽ CIB ക് ആയി Rs 2990/- രൂപ കാണിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകൾ | മെഷർമെന്റ് ബുക്ക്പ്രകാരമുള്ള അളവുകൾ | പരിശോധനയിൽ ലഭിച്ച അളവുകൾ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ലാസർ | കൃഷി ഭൂമി ഒരുക്കൽ | 4170m2 | 288 m2 | 240 m2 | പാടത്തുള്ള കൃഷി ആയതിരുന്നു.<br><br>വിളവെടുപ്പിനു ശേഷം ഇപ്പോൾ പുതിയ കൃഷിയാണ് ചെയ്തിരിക്കുന്നത്. |
| 2 | പൗലോസ് | കൃഷി ഭൂമി ഒരുക്കൽ | | 1701 m2 | - | പയറും വാഴയും കൃഷി ചെയ്തിരുന്നു. |
| 3 | തോമസ് | കൃഷി ഭൂമി ഒരുക്കൽ | | 364 m2 | - | . നെൽകൃഷി ഭൂമിയിൽ വെള്ളം നിറഞ്ഞു നിന്നതിനാൽ അളവുകൾ കൃത്യമായി എടുക്കാൻ ബുദ്ധിമുട് ഉണ്ടായിരുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 4 | കമലാക്ഷി | കൃഷി ഭൂമി ഒരുക്കൽ | | 880 m2 | 620 m2 | കപ്പ കൃഷി ചെയ്തത് വിളവ് എടുത്ത ശേഷം ഇപ്പോൾ വാഴ, പൊട്ടുവെള്ളരി കൃഷി ചെയ്തിരിക്കുകയാണ്. |
| 5 | പൗലോസ് | കൃഷി ഭൂമി ഒരുക്കൽ | | 480 m2 | - | പാടത്തുള്ള കൃഷി ആയതിനാൽ വഴി എല്ലാം കാടുകയറിയും ചെളി നിറഞ്ഞും കിടക്കുന്നതിനാൽ കൃഷി ഭൂമിയിലേക്ക് എത്താൻ സാധിച്ചില്ല. കപ്പയാണു കൃഷി ചെയ്തിരിക്കുന്നതായി കണ്ടത്. കൃഷി ചെയ്തിരുന്നത് വിളവെടുത്തു എന്ന് സാക്ഷ്യപ്പെടുത്തി |
| 6 | സുഗതൻ | കൃഷി ഭൂമി ഒരുക്കൽ | | 150 m2 | 165 m2 | പയറും വാഴയും കൃഷി ചെയ്തിരുന്നു. |
| 7 | ഭാരതി | കൃഷി ഭൂമി ഒരുക്കൽ | | 190 m2 | 140 m2 | കപ്പയും വാഴയും ആണ് കൃഷി ചെയ്തിരുന്നത്. |
| 8 | രവി | കൃഷി ഭൂമി ഒരുക്ക | | 91 m2 | 120 m2 | പ്രവർത്തി ഇടം ഇപ്പോൾ കാടു കയറിയ |

| | | | | | | |
|---|---|---|---|---|---|---|
| | | ൽ | | | | നിലയിലായിരുന്നു. കപ്പയും വാഴയും നട്ടിരുന്നു എന്ന് വീട്ടുകാർ സാക്ഷ്യപെടുത്തി. |

## 4.കിണർ നിർമാണം

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| IF/353388 | കിണർ നിർമാണം | 28/02/19 | 13/03/19 | 18500 | 15310 |

- കിണറിൽ വെള്ളം ഉണ്ടായിരുന്നു. ഉപകാരപ്രദം ആണെന്ന് അറിയാൻ കഴിഞ്ഞു
- അർദ്ധ വിദഗ്ദ്ധ തൊഴിലാളിയുടെ ഉൾപ്പെടെ എല്ലാവരുടെയും വേതനം കിട്ടിയിട്ടുള്ളതാണ്.
- കിണറിന്റെ സൈഡിൽ പെയിന്റ് അടിച്ച രീതിയിൽ CIB ഉണ്ടായിരുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവ് | മെഷർമെന്റ് ബുക്ക് പ്രകാരം ഉള്ള അളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ആന്റണി ജോസഫ് | കിണർ നിർമാണം | 3.8150m3 | 3.8150m3 | 0.9×0.9 നീളത്തിലും വീതിയിലും ഉള്ള കിണർ |

| | | | | | |
|---|---|---|---|---|---|
| | | | | | കാണുവാൻ സാധിച്ചു |
| 2 | ശാരദ മണി | കിണർ നിർമാണം | 2.3080m3 | 2.3080m3 | 0.7×0.7 നീളത്തിലും വീതിയിലും ഉള്ള കിണർ കാണുവാൻ സാധിച്ചു |

.

## 5.കൂടാലപ്പാട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ നവീകരണം

| പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റഡ് തുക | ചിലവായ തുക |
|---|---|---|---|---|
| IC/215249 | 16/10/18 | 19/10/18 | 31500 | 30866 |

- പ്രവർത്തി പരിശോധന സമയത്ത് പരിസരം കാടു കയറി കിടക്കുന്നുണ്ട്.
- തൊഴിലാളികൾ നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി
- .അക്വാഡേറ്റ് മാതൃകയിൽ ഉള്ള കനാൽ ആയിരുന്നു. അതിനാൽ കനാലിന്റെ അറ്റം വരെ പോകാൻ സാധിച്ചില്ല.
- പല വീടുകളുടെ പറമ്പിലൂടെയും ആണ് കനാൽ പോകുന്നത്. അതിനാൽ960m നീളമുള്ള കനാൽ ഇന്റെ 233 m മാത്രമാണ് അളന്നെടുക്കാൻ സാധിക്കുന്നത്.
- ഇ പ്രവൃത്തി സമയത്ത് സ്ത്രീകൾ താഴെ വൃത്തി ആക്കുകയും പുരുഷന്മാർ മതിലിനു മുകളിൽ കയറി കനാലിൽ വൃത്തി ആകുകയും ആണ് ചെയ്തത് എന്ന് മേറ്റ് സാക്ഷ്യപ്പെടുത്തി.
- CIB ബോർഡ് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പ്രവർത്തി ചെയ്ത സ്ഥലം | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് (നീളം) | മെഷർമെൻറ് ബുക്ക് പ്രകാരം ഉള്ള അളവ് (നീളം ) | പരിശോധനയിൽ കണ്ട അളവ് (നീളം ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | കൂടാലപ്പാട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ നവീകരണം. | 960m | 960 m | 233 m | പ്രവർത്തി പരിശോധന സമയത്ത് പരിസരം കാടു കയറി കിടക്കുന്നുണ്ട്. തൊഴിലാളികൾ നന്നായി വൃത്തിയാക്കിയിരുന്നു എന്ന് അയൽവാസികളുടെ അടുത്ത് നിന്ന് സാക്ഷ്യപ്പെടുത്തി. |

## 6.കൃഷി  വകുപ്പുമായി സംയോജിച് jlg പാട്ടത്തിനു എടുത്ത സ്ഥലം കൃഷിക് അനുയോജ്യമാക്കൽ റീച്ച് 2

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| LD/236501 | കൃഷി വകുപ്പുമായി സംയോജിച് jlg rപാട്ടത്തിനു എടുത്ത സ്ഥലം കൃഷിക് അനുയോജ്യമാക്കൽ റീച് 2 | 20/12/18 | 09/01/19 | 199500 | 194946 |

- JLG പാട്ടത്തിനു എടുത്ത കൃഷി ഭൂമിയിൽ പയർ വാഴ ഇഞ്ചി മഞ്ഞൾ കപ്പ മുതലായ കൃഷികൾ ആണ് ചെയ്തിരുന്നത്.
- എല്ലാം വളരെ നന്നായി ചെയ്തിരുന്നു എന്ന് ഉടമസ്ഥർ പറഞ്ഞു.
- എന്നാൽ 2018 ഡിസംബർ മാസത്തെ പ്രവർത്തനം ആയതിനാൽ എല്ലാം തന്നെ വിളവ് എടുപ്പ് കഴിഞ്ഞു.
- കൂടാതെ കൃഷിസ്ഥലങ്ങൾ മറ്റു കൃഷിക്ക് വേണ്ടി നിലം ഒരുക്കിയതായി കണ്ടു.
- CIB ബോർഡ് കാണാൻ സാധിച്ചില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകൾ | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവുകൾ | പരിശോധനയിൽ ലഭിച്ച അളവുകൾ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഫ്രാൻസിസ് | കൃഷി ഭൂമി ഒരുക്കൽ | 4464m2 | 437 m2 | 400m2 | പയർ, വാഴ എന്നിവയുടെ വിളവ് എടുത്ത് കഴിഞ്ഞിരുന്നു. കുറച്ചു വാഴ കൂടി വിളവ് എടുക്കാൻ ഉണ്ട്. |
| 2 | ഷാജി | കൃഷി ഭൂമി ഒരുക്കൽ | | 225 m2 | 100 m2 | മഞ്ഞൾ ഇഞ്ച് കൃഷി കാണുവാൻ സാധിച്ചു പയർ വിളവെടുപ്പ് കഴിഞ്ഞു |
| 3 | അന്തോണി | കൃഷി ഭൂമി ഒരുക്കൽ | | 126m2 | | പയർ, വാഴ എന്നിവയുടെ വിളവ് എടുത്ത് കഴിഞ്ഞിരുന്നു. കുറച്ചു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വാഴ കൂടി വിളവ് എടുക്കാൻ ഉണ്ട്. |
| 4 | ബിജു | കൃഷി ഭൂമി ഒരുക്കൽ | | 70m2 | 50m2 | വിളവെടുപ്പ് കഴിഞ്ഞു |
| 5 | ജീമോൻ | കൃഷി ഭൂമി ഒരുക്കൽ | | 99m2 | | വിളവെടുപ്പ് കഴിഞ്ഞു |
| 6 | വർഗീസ് | കൃഷി ഭൂമി ഒരുക്കൽ | | 42 m2 | | വിളവെടുപ്പ് കഴിഞ്ഞു |
| 7 | റോയ് | കൃഷി ഭൂമി ഒരുക്കൽ | | 56 m2 | | വിളവെടുപ്പ് കഴിഞ്ഞു |
| 8 | ജോബി | കൃഷി ഭൂമി ഒരുക്കൽ | | 40 m2 | - | വിളവെടുപ്പ് കഴിഞ്ഞു |

.

## 7.ഒക്കൽ പഞ്ചായത്ത് വാർഡ് 7 -ക്ഷീര വകുപ്പുമായി സംയോജിച്ചു തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| IF/314117 | ക്ഷീര വകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽ കൃഷിക്ക് | 06/02/19 | 16/02/19 | 94500 | 93448 |

| | | | | | |
|---|---|---|---|---|---|
| | നിലമൊരുക്കൽ | | | | |

- തീറ്റപ്പുൽകൃഷി ചെയ്ത എല്ലാ സ്ഥലവും തന്നെ പശുക്കളുള്ള വീടുകളായിരുന്നു. എന്നാൽ ഒരു സ്ഥലത്ത് മാത്രമാണ് കൃഷി നല്ല രീതിയിൽ കാണാൻ സാധിച്ചത്.
- കൃത്യസമയത്ത് തീറ്റപ്പുൽ മുറിച്ചുമാറ്റുകയും വേണ്ടവിധത്തിൽ വേറെ വച്ച് പിടിക്കുകയും ചെയ്യുന്നു.
- ഗുണഭോക്താവിൽ നിന്നും അറിയാൻ സാധിച്ചത് നിലമൊരുക്കൽ പ്രവർത്തി നന്നായി ചെയ്തു നൽകി എന്നാണ്.
- തീറ്റപ്പുൽ പ്രവർത്തി ഉപയോഗപ്രദമായ പ്രവർത്തനമായിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്.
- മറ്റൊരു സ്ഥലത്ത് പുൽക്കൃഷി മാറ്റി നെൽക്കൃഷിക് വേണ്ടി നിലമൊരുക്കി ഞാറു നട്ടിരിക്കുന്നതായി കാണുവാൻ സാധിച്ചു.
- ഒരു സ്ഥലത്ത് പുൽ കൃഷി മാറ്റി വീട് പണിയാൻ തറ കെട്ടിയിരിക്കുന്നു.
- പ്രവർത്തി സ്ഥലത്ത് CIB കാണാൻ സാധിച്ചു.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തനം | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | മെഷർമെന്റ് ബുക്ക് പ്രകാരം- അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പൗലോസ് | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 1890 m2 | 625 m2 | m2 | നല്ല രീതിയിൽ തീറ്റപ്പുൽ കൃഷി ചെയ്തിരുന്നത് കാണാൻ സാധിച്ചു. |
| 2 | സേവ്യർ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | | 196 m2 | 180m2 | പുല്ല്കൃഷി നല്ല രീതിയിൽ കാണാൻ സാധിച്ചു. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പുല്ലു കൃഷി ഉപയോഗപ്രത മാണ് എന്ന് ഉപഭോക്താവ് പറഞ്ഞു |
| 3 | ഭാസ്കരൻ | തീറ്റ പുല്ല് കൃഷി ക്ക് നിലം ഒരുക്കൽ | | 504 m2 | | വാർഡ് അഞ്ചിൽ ആണ് കൃഷി ചെയ്തിരിക്കു ന്നത് എന്നാൽ ഇപ്പോൾ<br>പുല്ലു കൃഷി മാറ്റി നെൽകൃഷി ക്ക് വേണ്ടി നിലമൊരു ക്കി ഇരിക്കുന്നത് കണ്ടു. |
| 4 | ഔസേപ്പ് | തീറ്റ പുല്ല് കൃഷി ക്ക് നിലം ഒരുക്കൽ | | 361 m2 | | കുറച്ചു തൈകൾ കാണുവാൻ സാധിച്ചു |
| 5 | ആനീസ് | തീറ്റ പുല്ല് കൃഷി ക്ക് നിലം ഒരുക്കൽ | | 184 m2 | - | കൃഷി സ്ഥലം മാറ്റി വീട് പണിയാൻ തറ കെട്ടിയിരി ക്കുന്നു. |

## നിർദേശങ്ങൾ

### ബി.ഡി.ഓ.

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- ഡി.ഇ.ഓ, അക്കൗണ്ടന്റ് , ഓവർസീർ അക്രെഡിക്കൂഡ് എൻജിനീയർ ,മേറ്റ്മാർ എന്നിവർക്കു കൃത്യമായ ട്രെയിനിങ്ങുകൾ കൊടുക്കാൻ ശ്രദ്ധകേണ്ടതാണ്
- പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കുന്നതു ഗുണകരമായിരിക്കും

### സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- 7 രെജിസ്റ്ററുകളും മെഷർമെന്റ് ബുക്കും സാക്ഷ്യപെടുത്തി ആധികാരിത ഉറപ്പ് വരുത്തുക
- തൊഴിലാളികളുടെ അവകാശങ്ങൾ . അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുക. ചികിത്സ ചിലവുകൾ കൃത്യമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക
- വിജിലെൻസ് മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക

### നിർവഹണ ഉദ്യോഗസ്ഥർ(അക്കൗണ്ടന്റ്, ഡിഇഓ, അക്രെഡിക്കൂഡ് എഞ്ചിനീയർ , ഓവർസിയർ

- വർക്ക് ഫയലുകൾ ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം 22 ഡോക്യൂമെന്റസ് ഉണ്ടെന്ന ഉറപ്പു വരുത്തി ഫയലുകൾ തയ്യാറാക്കുക.
- തൊഴിൽ കാർഡ് കൃത്യമായി എഴുതി സൂക്ഷിക്കാനും, മസ്റ്റർറോളുകള് വെട്ടിത്തിരുത്തലുകൾ കൂടാതെ സൂക്ഷിക്കാനുമുള്ള നിർദേശങ്ങൾ നൽകണം
- പ്രവർത്തിയുടെ ആവശ്യകതയും ഉപയോഗവും കൃത്യമായി പ്രൊജക്റ്റ് മീറ്റിംഗിൽ തൊഴിലാളികൾക് പറഞ്ഞുകൊടുക്കുക.കൃത്യമായി തൊഴിലിടം സന്ദർശിക്കുക
- ഡിമാൻഡ് അനുസരിച്ചു തോഴിൽ നൽകുക.

### മേറ്റ്

- കൃത്യമായി ഒപ്പിട്ട മസ്റ്റർ റോൾ സൂക്ഷിക്കുക.
- ഹാജർ. അബ്സെന്റ എന്നിവ അപ്പപ്പോൾ തന്നെ എഴുതുക
- മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലായെന്ന് ഉറപ്പാക്കുക.
- തൊഴിൽ ദിനങ്ങളുടെ തിയതി അടയാളപ്പെടുത്തുക
- ഓരോ പ്രവർത്തി കഴിയുമ്പോഴും മാസ്റ്റർറോൾ സൈറ്റ് ഡയറി എന്നിവ സൈറ്റ് ഡയറി പൂർണമായും പൂരിപ്പിക്കുക, അപകടങ്ങൾ ഉണ്ടായാൽ സൈറ്റ് ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്യുക.
- കൃത്യ അളവിലും നിലവാരത്തിലും ജോലി ചെയ്യുന്നുണ്ടെന് ഉറപ്പു വരുത്തുക
- തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിക്കുക

## പ്രധാന നിരീക്ഷണങ്ങൾ

1. തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിനു ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഫയലുകളിൽ ഡോക്യൂമെന്റസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദാർഹമാണ്

പൊതു ജനങ്ങളുടെ പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ് .വാർഡിലെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഗ്രാമസഭകളിൽയുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മ യും ഉറപ്പു വരുത്തേണ്ടതാണ്.

4. പ്രവർത്തിയിടങ്ങളിൽ തണൽ സൗകര്യം, പ്രഥമ ശ്രുശ്രുഷ കിറ്റുകൾ, ,വെള്ളം , എന്നിവ ഉള്ളതാണ്.

5. പ്രവർത്തിയിടങ്ങളിൽ 4 സ്ഥലത്തു മാത്രമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചത്.

6. പാസ് ബുക്കുകൾ കൃത്യമായി പതിപ്പിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപെട്ടു.

7.100 തൊഴിൽ തികച്ച തൊഴിലാളികൾക്ക് ബോണസ് കിട്ടയതായി അറിയാൻ പറ്റി.

8. വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക് ശേഷമാണ്. ആയതിനാൽ തൊഴിലുറപ്പ് നിർത്തുന്ന തൊഴിലാളികളുടെ എണ്ണം ദിവസം പ്രതി കൂടുകയാണ് .

<u>തൊഴിലാളികളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും</u>

- പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ആയുധങ്ങൾക്ക് മൂർച്ച ഇല്ല ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ ആണ്
- കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ബ്ലോക്കില മേറ്റ് മാരുടെ മീറ്റിംഗിൽ രാവിലെ ഒമ്പതുമണിക്ക് തുടങ്ങി അഞ്ച് മണിവരെ പണി സൈറ്റിൽ ഉണ്ടാകണമെന്ന് കർശന നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉള്ള വിവരം അറിയുവാൻ സാധിച്ചു. എന്നാൽ അത് തൊഴിലാളികൾക്ക് ബുദ്ധിമുട്ടാണ് എന്ന് അവർ അഭിപ്രായപ്പെട്ടു
- ഉച്ചയ്ക്കുള്ള ബ്രേക്ക് ടൈമിൽ തൊഴിലാളികൾക്ക് അവരുടെ വീട്ടിൽ പോകാനുള്ള അവസരം കൊടുക്കണം എന്നും പറഞ്ഞു.
- തൊഴിലാളികളുടെ വീടുകൾ അടുത്ത് ആയതിനാൽ പെട്ടെന്ന് പോയി വരാൻ സാധിക്കുമെന്നും പ്രാഥമിക കർത്തവ്യങ്ങൾ ചെയ്യുവാൻ വീട്ടിൽ പോകണം എന്നും പറഞ്ഞു
- കൂടാതെ കൈ കഴുകാനുള്ള വെള്ളവും മറ്റും കിട്ടാനുള്ള ബുദ്ധിമുട്ടുകളും തൊഴിലാളികൾ അഭിപ്രായപ്പെട്ടു

## നന്ദി

ഒക്കൽ ഗ്രാമ പഞ്ചായത്തിലെ 2018-19 സാമ്പത്തീക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപെട്ട പഞ്ചായത്ത് പ്രസിഡന്റ് , സെകട്ടറി അസിസ്റ്റന്റ് സെകട്ടറി, ഭരണസമിതി അംഗങ്ങൾ,വാർഡ് മെമ്പർ , തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ , ഫീൽഡു തല പ്രവർത്തനങ്ങൾക് സഹായിച്ച മേറ്റ്മാർ തൊഴിലാളികൾ പൊതുജനങ്ങൾ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപെടുത്തുന്നു.

## ഒക്കൽ ഗ്രാമപഞ്ചായത്ത് വാർഡ് 7 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ മിനിറ്റ്സ്

ഒക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് ഏഴിലെ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 30/11/2019 ആം തീയതി രാവിലെ 10. 30 മണിക്ക് സെന്റ് ജോർജ് എൽപി സ്കൂൾ കൂടാലപ്പാട് ൽ ഈശ്വര പ്രാർത്ഥന ഓടുകൂടി ആരംഭിച്ചു. 85 ആളുകൾ മീറ്റിംഗിൽ പങ്കെടുത്തു. അധ്യക്ഷനെ തിരഞ്ഞെടുത്ത കൊണ്ട് യോഗ നടപടികൾ ആരംഭിച്ചു. ഏഴാം വാർഡിലെ തൊഴിലാളിയായ റോക്കി ചേട്ടനെ അധ്യക്ഷനായി എല്ലാവരും തെരഞ്ഞെടുത്തു.

ഏഴാം വാർഡ് മെമ്പറായ ശ്രീമതി രമ ബാബു (പഞ്ചായത്ത് പ്രസിഡന്റ് )മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് ഉദ്യോഗസ്ഥയായ ഓവർസിയർ സുമി, വാർഡിലെ മേറ്റു മാർ കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ കൂവപ്പടി ബ്ലോക്ക് BRP മരിയ മോൾ സ്റ്റീഫൻ, കൂവപ്പടി ബ്ലോക്കിന് കീഴിൽ പ്രവർത്തിക്കുന്ന VRP പ്രിയ എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്തു. ശ്രീമതി ഓമന പോളച്ചൻ യോഗത്തിൽ എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു.VRP ജൂബി ഭരണഘടനാ പ്രതിജ്ഞ എല്ലാവർക്കും പറഞ്ഞു കൊടുത്തു.

വാർഡ് മെമ്പർ രമ ബാബു ഗ്രാമസഭ യോഗം ഉദ്ഘാടനം ചെയ്തു. അധ്യക്ഷൻ റോക്കി ചേട്ടൻ അധ്യക്ഷ പ്രസംഗം നിർവഹിക്കുകയും ചെയ്തു. ബി ആർ പി മരിയ മോൾ സാമൂഹിക പരിശോധന ഗ്രാമ സഭയെക്കുറിച്ച് ആമുഖ പ്രസംഗം നടത്തി.

ആദ്യമായി പരിശോധിച്ച ഫയലിൽ നിന്നും കണ്ടെത്തിയ കാര്യങ്ങളാണ് വായിച്ചത്.വെജ് ലിസ്റ്റും ആക്ഷൻ പ്ലാൻ കോപ്പി എന്നിവയാണ് പ്രധാനമായും ഫയൽ ൽ ഉണ്ടാകാതിരുന്നത്.

ഫീൽഡ് പരിശോധനയിൽ നിന്നും കണ്ടെത്തിയ വിവരങ്ങളും അവയുടെ അളവുകളും വായിക്കുകയുണ്ടായി, കൂടാതെ പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രെജിസ്റ്ററുകളുടെ പരിശോധനയെ സംബന്ധിച്ച വിവരങ്ങളും വായിച്ചു. തുടർന്ന് തൊഴിലാളികളുമായി ചർച്ച നടന്നു.

തൊഴിലാളികളുടെ അവകാശങ്ങളെ പറ്റിയും പ്രധാനപെട്ട നിരീക്ഷണങ്ങളും പറഞ്ഞു. അതിനു ശേഷം ചർച്ച നടന്നു.

- തൊഴിൽ കാർഡ് എല്ലാവർക്കും കൃത്യമായി 15 ദിവസത്തിനുള്ളിൽ ലഭിച്ചിട്ടുണ്ട്.

- ഡിമാൻഡ് ഫോം പഞ്ചായത്തിൽ കൊടുത്തതിനുശേഷം കൈപറ്റു രസീത് വാങ്ങുവാൻ മേറ്റ് ശ്രദ്ധിക്കണമെന്നും നിർദ്ദേശം നൽകി.
- തൊഴിലില്ലായ്മ വേദത്തെ കുറിച്ച് ഇപ്പോഴാണ് അറിയുന്നത് എന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു. .
- പണി സ്ഥലങ്ങളിൽ തണൽ വെള്ളം പ്രഥമശുശ്രൂഷ കിറ്റ് ലഭ്യമാണെന്നും അറിയിച്ചു.
- പഞ്ചായത്തിലെ ആയുധങ്ങളെല്ലാം ഉപയോഗശൂന്യമായി കിടക്കുകയാണെന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു.
- എന്നാൽ തൊഴിലുറപ്പ് പണി കഴിഞ്ഞു 6 മാസം ആയിട്ടും വേതനം ലഭിച്ചിട്ടില്ല എന്ന് തൊഴിലാളികൾ അറിയിച്ചു.

പഞ്ചായത്തിൽ നിന്നും അതിനു വേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചുകഴിഞ്ഞു എന്നും ഓവർസിയർ മറുപടി നൽകി.

- 5km ചുറ്റളവിൽ തൊഴിൽ ലഭിക്കുന്നുണ്ടെന്നും തൊഴിലാളികൾ പറഞ്ഞു.
- ബൂട്ട്, കൈയുറ എന്നിവ 3 വർഷം മുൻപ് തുറ, കനാൽ പണി എന്നിവയ്ക്കു ലഭിച്ചിട്ടുണ്ട് എന്നാൽ ഇപ്പോൾ കനാൽ പണിക് ലഭിക്കുന്നില്ല എന്ന പരാതി ഉന്നയിച്ചു.
- 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി തൊഴിലാളികൾ ഉന്നയിച്ചു.
- കൊടുവേലി തോട് പുനരുദ്ധാരണം, കാനാ, കനാൽ, റോഡ് സൈഡ് കാടുവെട്ടൽ എന്നീ പ്രവർത്തനങ്ങൾ തൊഴിലുറപ്പിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടു.

പഞ്ചായത്തിൽ നിന്നും പറയുന്ന പ്രവർത്തികൾ മാത്രം ചെയ്യാൻ ശ്രമിക്കണമെന്നും തൊഴിൽ കണ്ടെത്താൻ അയൽക്കൂട്ടതല ചർച്ചകൾ നടത്തുവാനും, പ്രോജക്ട് മീറ്റിംഗ് എന്നിവയിലൂടെയും പുതിയ തൊഴിൽ കണ്ടെത്തണമെന്നും, jlg ഗ്രൂപ്പുകൾ തുടങ്ങി പ്രവർത്തികൾ കണ്ടെത്തണമെന്നും ഓവർസിയർ അറിയിച്ചു.പ്രവർത്തി മാറ്റി ചെയ്യാതിരിക്കുക എന്നും, ആവർത്തന സ്വഭാവമുള്ള പ്രവർത്തികൾ ഇനിമുതൽ ചെയ്യാൻ പാടില്ല എന്നും, ആസ്തി ഉണ്ടാകുന്ന പ്രവർത്തികൾ ചെയ്യണമെന്നും അളന്നു തിട്ടപ്പെടുത്താൻ പറ്റാത്തപ്രവർത്തികൾ ചെയ്യാൻ പാടുള്ളതല്ല എന്നും ഓവർസിയർ പറഞ്ഞു.

- ഉച്ചസമയത്ത് തൊഴിലാളികൾക്ക് അവരുടെ വീട്ടിൽ പോയി ഭക്ഷണം കഴിക്കാനുള്ള അനുവാദം നൽകണമെന്നും പരാതിപ്പെട്ടു.

അതിന് പരിഹാരമായി പഞ്ചായത്തിലെ മെമ്പർമാർ എല്ലാവരും കൂടി ചേർന്ന് ഒരു പരാതി ഉണ്ടാക്കി ബ്ലോക്കിലേക്ക് അയക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യു എന്നാണ് പ്രസിഡന്റ് പറഞ്ഞത്.

- തൊഴിൽ സമയം 9 - 4.30 ആക്കണമെന്നും വേതനം വർധിപ്പിക്കണം എന്നും തൊഴിൽ ദിനം 150 ആക്കണം എന്നും ഗ്രാമസഭ നിർദ്ദേശിച്ചു.
- APL ഉടമസ്ഥരുടെ ഭൂമിയിൽ പണി ചെയ്യുന്നതു കൊണ്ട് ഉപകാരം ഒന്നും ലഭിക്കുന്നില്ല, ഇതിന്റെ ഗുണം ലഭിക്കേണ്ടതു BPL കുടുംബങ്ങൾക്കാണ് എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.
- ഡിമാൻഡ് ചെയ്ത് 15 ദിവസത്തിനകം തൊഴിൽ ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പറഞ്ഞു.

ചില സാങ്കേതിക തടസ്സങ്ങൾ മൂലമാണെന്നും പഞ്ചായത്തിൽ വേണ്ടനടപടി ക്രമങ്ങൾ ചെയ്യാറുണ്ടെന്നും ഓവർസിയർ അറിയിച്ചു. ഡിമാൻഡ് ഫോമിൽ സ്വന്തം കൈപ്പടയിൽ പേരെഴുതി ഒപ്പിടണം എന്നും അറിയിച്ചു.

തൊഴിലാളികളുടെ എല്ലാ സംശയങ്ങൾക്കും ഓവർസിയർ മറുപടി നൽകി. സദസ്സിനെ അനുവാദത്തോടുകൂടി റിപ്പോർട്ട് എല്ലാവരും അംഗീകരിച്ചു.VRP പ്രിയ യോഗത്തിനു നന്ദി പറയുകയും ചെയ്തു.

ദേശീയഗാനതോടുകൂടി യോഗനടപടികൾ അവസാനിപ്പിച്ചു.